141(161) നിർമ്മാർജനം ചെയ്യപ്പെട്ട രോഗങ്ങൾ വ്യാപിപ്പിക്കുന്നത് തടയുന്നതിന് പദ്ധതികൾ

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം.നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. ജോസ് ബേബി :
ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്തുനിന്നും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു കരുതിയിരുന്ന മാരകമായ പല രോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ രോഗങ്ങൾ തടയുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ,ബി) ക്രമമായിട്ട് എടുക്കേണ്ട പ്രതിരോധ മരുന്നുകൾ യഥാസമയം സ്വീകരിക്കാതിരുന്നതിനാൽ മലപ്പുറത്ത് പോളിയോ വൈറസ് പ്രത്യക്ഷപ്പെട്ടതായ ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പോളിയോ രോഗബാധ തടയുന്നതിനായി 1995 മുതൽ ഡിസംബർ, ജനുവരി മാസങ്ങളിൽ ഇന്ത്യ ഒട്ടാകെ നടന്നുവരുന്ന 5 വയസ്സിനുതാഴെയുള്ള കുട്ടികൾക്കുള്ള പോളിയോ തുള്ളിമരുന്ന് നല്കൽ പദ്ധതി കേരളത്തിലും നടത്തിവരുന്നു. വീഴ്ചകൾ പരിഹരിച്ച് 2001 ജനുവരിയിൽ നടത്തുന്ന രണ്ടാം ഘട്ടപദ്ധതിയിൽ വീടുവീടാന്തരം സന്ദർശനം നടത്തി മരുന്നു കിട്ടാതെ പോയ കുട്ടികൾക്ക് മരുന്നു നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

142(162) രോഗപ്രതിരോധ നടപടികളും ആരോഗ്യ പരിപാലന പ്രവർത്തനങ്ങളും

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. സി.പി.ബാലൻവൈദ്യൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ രോഗപ്രതിരോധ നടപടികളിലും ആരോഗ്യപരിപാലന പ്രവർത്തനങ്ങളിലും കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) രോഗപ്രതിരോധ നടപടികളിലും ആരോഗ്യ പരിപാലന പ്രവർത്തനങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന ജില്ലകൾ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly